(ഡി) 6480 എണ്ണം.

(ഇ) 396 എണ്ണം.

(എഫ്) ഫോർട്ടു കൊച്ചി റവന്യൂ ഡിവിഷനിലും എറണാകുളം ജില്ലയിലും.

(ജി&എച്ച്) പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

വില്ലേജ്/താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനോപകാര പ്രദമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും നടപടി

28 (3587) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ്/താലൂക്ക് ഓഫീസുകളുടെ സേവനം പൊതുജനങ്ങൾക്ക് വേണ്ട രീതിയിൽ ലഭിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പല സർട്ടിഫിക്കറ്റുകൾക്കും വളരെയധികം കാലതാമസം നേരിടുന്ന ഇന്നത്തെ ദുഃസ്ഥിതി ഇല്ലാതാക്കുവാൻ എന്തൊക്കെ നടപടികളാണ് ഏർപ്പെടുത്തുവാൻ ആലോചിക്കുന്നത് ;

(സി) പൊതുജനങ്ങൾക്ക് ആവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി നൽകുന്നതിന് ആവശ്യമായ അടിയന്തര നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ഡി) വില്ലേജ്/താലൂക്ക് കളക്ടറേറ്റ് ഓഫീസുകളിലെ ഫയലുകളിന്മേൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തെങ്കിലും അദാലത്തു പോലുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 12-6-1996-ലെ ജി.ഒ.(എം.എസ്.) 300/96/ആർ.ഡി. സർക്കാർ ഉത്തരവ് പ്രകാരം വില്ലേജ്/താലൂക്ക് ഓഫീസുകളിൽ ലഭിക്കുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകളിന്മേൽ ലഭിച്ച ഒരാഴ്ചക്കുള്ളിൽ തീരുമാനമെടുത്തു സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യണമെന്ന് നിബന്ധന നേരത്തെ തന്നെ നിലവിലുണ്ട്. 23-5-2002-ലെ 24298/റ്റി2/02/ആർ.ഡി. സർക്കുലർ പ്രകാരം ജാതി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ലഭിച്ച് മൂന്ന് ദിവസത്തിനുള്ളിൽ പരിശോധിച്ച് തീരുമാനമെടുത്തു സർട്ടിഫിക്കറ്റ് നൽകണമെന്നും നിബന്ധന നിലവിലുണ്ട്. മേൽ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർ കർശനമായി പാലിക്കുന്നുണ്ട് എന്നു ഉറപ്പ് വരുത്തുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ.)-യെ നോഡൽ ഓഫീസറായും ജില്ലകളിലെ ഡെപ്യൂട്ടി കളക്ടർ (ജനറൽ)-ലിനെ ജില്ലാതല നോഡൽ ഓഫീസറായും നിയോഗിച്ചിട്ടുണ്ട്. കൂടാതെ താലൂക്ക് ഓഫീസുകളിൽ കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ സർട്ടിഫിക്കറ്റുകൾ കംപ്യൂട്ടർ മുഖേന വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സംവിധാനം നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly